ഇവ താഴെ പറയും പ്രകാരമാണ്:-

2003-ൽ ഫയൽ ചെയ്ത കേസുകൾ	..	38, 908
1999 മുതൽ 2002 വരെ ഫയൽ ചെയ്ത കേസുകൾ	..	98, 948
1994 മുതൽ 1998 വരെ ഫയൽ ചെയ്ത കേസുകൾ	..	15, 812
1994-നും മുമ്പ് ഫയൽ ചെയ്ത കേസുകൾ	..	1, 60

(സി) നഷ്ടപരിഹാരത്തുക എത്രയും വേഗം ലഭിക്കുവാനുള്ള നടപടികളെടുത്തുവരുന്നു. ട്രൈബ്യൂണലുകളിലെ തീർപ്പാക്കൽ കൂടാതെ ഉടമ്പടികളും കൃത്യമായി ഇക്കാര്യത്തിൽ നടത്തുന്നുണ്ട്. കേസുകളുടെ തീർപ്പിനായി രണ്ടാം ശനിയാഴ്ചകളിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്.

മഞ്ചേരി കുടുംബകോടതി

89 [1564] ശ്രീ. ഇസ്ഹാക്ക്കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേരിയിൽ സ്വതന്ത്രമായ സ്ഥലത്ത് പ്രവർത്തിക്കുന്ന കുടുംബകോടതി ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മഞ്ചേരിയിൽ തന്നെ നിലനിർത്തുമോ?

ഉത്തരം

മഞ്ചേരിയിൽ സൗകര്യപ്രദമായ കെട്ടിടം ലഭ്യമാക്കിയാൽ കുടുംബകോടതി മഞ്ചേരിയിൽ തന്നെ തുടർന്നുകൂടേ എന്നതു സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കോടതികളിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിക്കാൻ നടപടി

90 [1565] ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മജിസ്ട്രേറ്റ് കോടതികളിലും മുൻസിഫ് കോടതികളിലും ഫോട്ടോസ്റ്റാറ്റ് മെഷീൻ ഇല്ലാത്തതിനാൽ കക്ഷികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly